# എസ്.എൻ.ഹയർസെക്കണ്ടറി സ്കൂൾ
## ഇരിങ്ങാലക്കുട

# അക്കാദമിക മാർഗ്ഗരേഖ
## 2022-2026

S.N. Higher Secondary School
Pin-680125
Irinjalakuda

**ആമുഖം**

ഇരിങ്ങാലക്കുട - പൗരാണികതയും ഐതിഹ്യവും ചരിത്രവും ഇഴചേർന്നിരിക്കുന്ന പൈതൃകസംസ്കാരത്തിന്റെ പുണ്യഭൂമി. 1891 കാലഘട്ടത്തിൽ കൊച്ചി രാജ്യത്തു പട്ടണങ്ങളായി കണക്കാക്കിയിരുന്നത് മട്ടാഞ്ചേരി, എറണാകുളം, തൃശ്ശൂർ, ഇരിങ്ങാലക്കുട, ചിറ്റൂർ എന്നീ പ്രദേശങ്ങളായിരുന്നു. അതിൽ തന്നെ മൂന്നാമത്തെ വലിയ പട്ടണമായിരുന്നു ഇരിങ്ങാലക്കുട. കൂടൽമാണിക്യം ക്ഷേത്രവും, സെന്റ് തോമസ് കത്തീഡ്രലും, ജുമാ മസ്ജിദും തീർക്കുന്ന മതസൗഹാർദ്ദത്തിന്റെ മഹനീയസന്ദേശം ഉൾക്കൊണ്ട് നിൽക്കുന്ന സമ്പന്നമായ നാടാണ് ഇരിങ്ങാലക്കുട. മത സൗഹാർദ്ദത്തെ ഒന്നുകൂടി ഊട്ടിയുറപ്പിക്കുന്ന ശ്രീനാരായണസന്ദേശങ്ങൾ ജീവിതം തന്നെയായി എടുത്ത സി.ആർ.കേശവൻ വൈദ്യരുടെ ജന്മസാഫല്യമാണ് എസ്.എൻ.ഹയർസെക്കണ്ടറി സ്കൂൾ.

# എസ്.എൻ.ഹയർസെക്കണ്ടറി സ്കൂൾ
# പൊതുവിവരങ്ങൾ

1. സ്കൂളിന്റെ പേര് : എസ്.എൻ.ഹയർസെക്കണ്ടറി സ്കൂൾ

വിലാസം : എസ്.എൻ.നഗർ, ഇരിങ്ങാലക്കുട നോർത്ത് പി.ഒ
പിൻകോഡ് - 680 125, തൃശ്ശൂർ, കേരളം

ഫോൺനമ്പർ : 0480 2821102

2. സ്കൂൾ കോഡ് : എൽ.പി 23337
എച്ച്.എസ് 23025
എച്ച്.എസ്.എസ് 08045
ടി.ടി.ഐ

3. വിദ്യാഭ്യാസ ജില്ല : ഇരിങ്ങാലക്കുട

4. റവന്യൂ ജില്ല : തൃശ്ശൂർ

5. ബി.ആർ.സി : ഇരിങ്ങാലക്കുട

6. സി.ആർ.സി : മുകുന്ദപുരം

7. മുനിസിപ്പാലിറ്റി : ഇരിങ്ങാലക്കുട

8. നിയമസഭാമണ്ഡലം : മുകുന്ദപുരം

9. ലോകസഭാമണ്ഡലം : തൃശ്ശൂർ

10. വില്ലേജ് : ഇരിങ്ങാലക്കുട

## സ്കൂൾ അക്കാദമിക നിലവാരം - ഇപ്പോഴത്തെ അവസ്ഥ

ഇരിങ്ങാലക്കുട എസ്.എൻ.ഹയർസെക്കണ്ടറി സ്കൂളിൽ ഒന്നുമുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലായി 750 കുട്ടികൾ പഠിക്കുന്നുണ്ട്. ഓരോ വർഷവും പുതിയതായി പ്രവേശനം നടക്കുന്നത് ഒന്നാം ക്ലാസ്സിലേയ്ക്കും, 5-ാം ക്ലാസ്സിലേയ്ക്കും, 8-ാം ക്ലാസ്സിലേയ്ക്കും 11-ാം ക്ലാസ്സിലേയ്ക്കുമാണ്.

എൽ.പി. വിഭാഗത്തിൽ എൽ.കെ.ജി, യു.കെ.ജി ക്ലാസ്സുകൾ നടക്കുന്നുണ്ട് എങ്കിലും യു.കെ.ജിയിൽ പഠിക്കുന്ന 100% കുട്ടികളും ഇതേ സ്കൂളിൽ തന്നെ 1-ാം ക്ലാസ്സിലേയ്ക്ക് പ്രവേശനം എടുക്കുന്നില്ല എന്നത് ദുഃഖകരമായ വസ്തുതയാണ്. ഇംഗ്ലീഷ് മീഡിയത്തിന് പ്രത്യേകം ഡിവിഷൻ ഇല്ലാത്തതാണ് ഇതിന് കാരണം. ഇംഗ്ലീഷ് മീഡിയം കുട്ടികളെയും മലയാളം മീഡിയം കുട്ടികളെയും ഒരേ ക്ലാസ്സിൽ തന്നെ ഇരുത്തി പഠിപ്പിക്കുന്ന രീതിയാണ് ഇപ്പോൾ നിലവിലുള്ളത്.

4-ാം ക്ലാസ്സിൽ പഠിക്കുന്ന മുഴുവൻ കുട്ടികളും തന്നെ 5-ാം ക്ലാസ്സിലേയ്ക്ക് ഇതേ സ്കൂളിൽ തന്നെ ചേരുന്നുണ്ട്. വളരെ കുറച്ചുപേർ മറ്റു സ്കൂളുകളിൽ നിന്നും 5-ാം ക്ലാസ്സിലേയ്ക്ക് പ്രവേശനം നേടുന്നു. 8-ാം ക്ലാസ്സിലേയ്ക്കും കുറച്ചുപേർ മറ്റു സ്കൂളുകളിൽ നിന്ന് പ്രവേശനം നേടുന്നുണ്ട്.

ഇരിങ്ങാലക്കുട പട്ടണത്തിന്റെ ഹൃദയഭാഗത്തിനു മൂന്നുകിലോമീറ്റർ ചുറ്റളവിൽ പതിനഞ്ചോളം സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ സ്കൂളിൽ പുതുതായി പ്രവേശനം നേടുന്നവരുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുവരുന്നു.

അക്കാദമിക നിലവാരത്തെപ്പറ്റി പറയുകയാണെങ്കിൽ കഴിഞ്ഞ ആറുവർഷമായി എസ്.എസ്.എൽ.സി പരീക്ഷയിൽ 100% വിജയം കരസ്ഥമാക്കിയിട്ടുണ്ട്. മുഴുവൻ എ പ്ലസ് നേടുന്ന കുട്ടികൾ എല്ലാവർഷവും ഉണ്ടാകാറില്ല എങ്കിലും ശരാശരിയേക്കാൾ ഉയർന്ന ഗ്രേഡു നേടുന്നവർ ഉണ്ടാകാറുണ്ട്.

താഴ്ന്ന ക്ലാസ്സുകളിലെ അക്കാദമികനിലവാരവും അത്ര തൃപ്തികരമല്ല. അത് ഉയർത്തുന്നതിനായി കഴിഞ്ഞവർഷം മുതൽ 1 മണിക്കൂർ അധിക പഠനസമയം കണ്ടെത്തി നൽകുന്നുണ്ട്. 5-ാം ക്ലാസ്സുമുതൽ മൂന്നര മുതൽ നാലര വരെ ഇത്തരത്തിലുള്ള പഠനം നടക്കുന്നു. ചെറിയ വ്യത്യാസങ്ങൾ അതിന്റെ ഫലമായി രേഖപ്പെടുത്തിവരുന്നു. ഡിവിഷനുകളുടെ എണ്ണം കുറയുമ്പോൾ അതനുസരിച്ച് അദ്ധ്യാപകരുടെ എണ്ണത്തിലും കുറവു വരുന്നുണ്ട്. അതിനാൽ തന്നെ ഒരു അദ്ധ്യാപകൻ ഒന്നിൽ കൂടുതൽ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടിവരുന്നു. ആർട്ട്, വർക്ക് എക്സ്പീരിയൻസ്, മ്യൂസിക്, ക്രാഫ്റ്റ് എന്നീ വിഷയങ്ങൾക്ക് അദ്ധ്യാപകർ ഇല്ല. അത്തരം കഴിവുള്ള കുട്ടികളെ വേണ്ട വിധത്തിൽ ഉയർത്താൻ കഴിയുന്നില്ല. അതും ദുഃഖകരമായ വസ്തുതയാണ്. മുഴുവൻ വിദ്യാർത്ഥികളും തന്നെ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന വീടുകളിൽ നിന്നു വരുന്നവരാണ്. ഫീസ് കൊടുത്ത് അത്തരം കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാഹചര്യവും അവർക്കില്ല. എഴുത്തിലും വായനയിലും പുറകിൽ നിൽക്കുന്ന 10% കുട്ടികൾ ഇപ്പോഴുമുണ്ട്. അവർക്കുവേണ്ടി പ്രത്യേകം പരിശീലനം ഇവിടുത്തെ അദ്ധ്യാപകർ തന്നെ നടത്തിവരുന്നു.

**ഞങ്ങളുടെ സ്വപ്നം - ലക്ഷ്യങ്ങളും**

1. 1 മുതൽ 10 വരെയുള്ള് എല്ലാ ക്ലാസ്സുകളിലും ഇപ്പോൾ ഒരു ഡിവിഷനുള്ള കുട്ടികൾ മാത്രമാണുള്ളത്. അത് വർദ്ധിപ്പിച്ച് മൂന്നു ഡിവിഷൻ വീതം എന്ന നിലവാരത്തിലേയ്ക്ക് എത്തിക്കു.
2. മലയാളം - ഇംഗ്ലീഷ് ഡിവിഷനുകൾ പ്രത്യേകമായി നിലനിർത്തുക.
3. മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ എഴുതാനും വായിക്കാനും പറയാനുമുള്ള കഴിവുള്ള വരായി അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും വളർത്തുക.
4. മികവുറ്റ അക്കാദമിക മാതൃകകൾ വാർത്തെടുത്ത് അക്കാദമിക പുരോഗതി ഉറപ്പു വരുത്തുക.
5. കലാ കായിക മത്സരങ്ങളിലെ പങ്കാളിത്തം വർദ്ധിപ്പിക്കുക.
6. ശാസ്ത്ര-ഗണിതശാസ്ത്ര-സാമൂഹ്യശാസ്ത്ര മേളകളിൽ സജീവസാന്നിദ്ധ്യമായി മാറുക. വിജയം കൊയ്യുക.
7. എസ്.എസ്.എൽ.സി പരീക്ഷയിൽ മുഴുവൻ A+ ഉം വാങ്ങുന്ന കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുക.
8. LSS, USS, NTS തുടങ്ങി സ്കോളർഷിപ്പ് പരീക്ഷകളിൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുകയും വിജയിപ്പിക്കുകയും ചെയ്യുക.
9. അക്കാദമിക നിലവാരം വർദ്ധിപ്പിക്കുന്നതിനനുസരിച്ചുള്ള എല്ലാ ഭൗതിക സാഹചര്യവും ഒരുക്കുക.
10. സ്കൂളിലേയ്ക്ക് കുട്ടികളെ ആകർഷിക്കുന്ന വിധത്തിലുള്ള ഒരു ഭൗതിക-സാമൂഹിക അന്തരീക്ഷം ഉണ്ടാക്കുക.
11. അദ്ധ്യാപകർക്ക് കാലത്തിനനുസരിച്ച് ഉയരുന്നതിനുള്ള ശാക്തീകരണ പരിപാടികൾ സംഘടിപ്പിക്കുക.
12. രക്ഷിതാക്കളും വിദ്യാലയവുമായുള്ള ബന്ധം കൂടുതൽ ദൃഢമാക്കുക.
13. അയൽപ്പക്ക വിദ്യാലയം എന്ന നിലയിലേയ്ക്ക് വിദ്യാലയത്തെ ഉയർത്തുക.

# അക്കാദമിക
# പ്രവർത്തനങ്ങൾ

## 1. ഭാഷാവിഷയങ്ങൾ

### മലയാളം/ഇംഗ്ലീഷ്/ഹിന്ദി/സംസ്കൃതം/ഉറുദു

**മുഖ്യ ലക്ഷ്യങ്ങൾ**

1. എല്ലാ കുട്ടികൾക്കും അവർ പഠിക്കുന്ന ക്ലാസ്സനുസരിച്ചും നിലവാരമനുസരിച്ചും ഭാഷയിലെ ഉയർന്ന ശേഷികൾ കൈ വരിച്ചു എന്ന് ഉറപ്പുവരുത്തുക.
2. 5 വർഷത്തിനുള്ളിൽ സ്കൂൾ വിട്ടു പുറത്തുവരുന്ന മുഴുവൻ കുട്ടികളും മലയാളം, ഇംഗ്ലീഷ്, ഹിന്ദി തുടങ്ങി മൂന്നു ഭാഷകളിലെങ്കിലും അനായാസം ആശയവിനിമയം നടത്തുന്നതിനു പ്രാപ്തരാക്കുക.
3. സ്കൂൾ പഠനം പൂർത്തിയാകുമ്പോഴേയ്ക്കും മുഴുവൻ കുട്ടികളും ഫലപ്രദമായ ആശയവിനിമയത്തിനുതകുന്നവിധം ഭാഷയിലെ വിവിധ സങ്കേതങ്ങൾ ഉപയോഗിക്കുന്നതിന് പ്രാപ്തരാക്കുക.
4. 5 വർഷത്തിനുള്ളിൽ ഓരോ കുട്ടിയുടെയും അഭിരുചിയ്ക്കനുസരിച്ച് സർഗ്ഗാത്മക പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും വിവിധ രീതിയിൽ ആവിഷ്ക്കരിക്കുന്നതിനുമുള്ള കഴിവുകൾ വികസിപ്പിക്കുക.

Higher Secondary

# ഭാഷ - മലയാളം

## പ്രവർത്തനം 1 - അടിസ്ഥാന ഭാഷാനിർണ്ണയം

| ക്രമ നമ്പർ | പ്രവർത്തനം | കാലയളവ് | അനുബന്ധ സാമഗ്രികൾ | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| 1 | Pre- Test ലൂടെ കുട്ടികളുടെ അടിസ്ഥാന ശേഷികൾ നിർണ്ണയിക്കുന്നു | അധ്യായന വർഷാരംഭത്തിന്റെ ജൂൺ ആദ്യവാരം | ഓരോ ക്ലാസ്സിലേയ്ക്കും ആവശ്യമായ Pre- Test Tool | ഭാഷാദ്ധ്യാപകർ | |
| 2 | അടിസ്ഥാന ഭാഷാശേഷികൾ കൈവരിക്കാത്ത കുട്ടികൾക്ക് അതിനുള്ള പരിശീലന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. | 2 മാസം ജൂൺ - ജൂലായ് | അക്ഷര കാർഡുകൾ, ചിത്രങ്ങൾ, ചിത്ര കഥകൾ, കുറിപ്പുകൾ, etc.... | ഭാഷാദ്ധ്യാപകർ, കൂടാതെ എല്ലാ അദ്ധ്യാപകരും | |
| 3 | Pre- Test ലൂടെ ഫലപ്രാപ്തി അളക്കുന്നു | ജൂലായ് അവസാന വാരം | Post- Test Tool | ഭാഷാദ്ധ്യാപകർ | |

Sri Higher Secondary School

# പ്രവർത്തനം 2 - രചനാ ശില്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനാ സാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ്, കവിയരങ്ങ്, രചനാശില്പശാല എന്നിവ സംഘടിപ്പിക്കൽ, രൂപപ്പെടുന്ന ഉല്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ, ക്ലാസ്സ് മുറിയിലെ പഠന സാമഗ്രിയായി മേൽപ്പറഞ്ഞ ഉൽപ്പന്നങ്ങളെ ഉപയോഗിക്കൽ | മൂന്നുമാസത്തിൽ ഒരിക്കൽ | വിദ്യാരംഗം കലാ സാഹിത്യ വേദി | 5000/ സ്പോൺസർഷിപ്പ് |

## പ്രവർത്തനം 3 - ബ്ലോഗ് നിറയ്ക്കൽ യജ്ഞം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രചനകൾ നവ മാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടിയുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | പ്രതിമാസ പരിപാടി | വിദ്യാരംഗം SITC | |

## പ്രവർത്തനം 4 - സർഗ്ഗ സല്ലാപം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവു നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിൽ എത്തിക്കൽ, അവരുടെ വായന, എഴുത്ത്,അനുഭവങ്ങൾ എന്നിവ കുട്ടികളുമായി പങ്കുവയ്ക്കൽ, പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ടുതവണ | എച്ച്.എം പി.ടി.എ | 2000/- സ്പോൺസർഷിപ്പ് |

# പ്രവർത്തനം 5 - ഗ്രന്ഥശാലാ ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേയ്ക്ക് കൂടുതൽ പുസ്തകങ്ങൾ ശേഖരിക്കൽ - ജന്മ ദിനത്തിന് ഒരു പുസ്തകം, ആഘോഷങ്ങളിൽ നിന്ന് സമാഹരിച്ച തുകകൊണ്ട് പുസ്തകം, പി.ടി.എ യുടെ നേതൃത്വത്തിൽ പുസ്തക സമാഹരണം etc....<br>പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ<br>കാറ്റലോഗ് തയ്യാറാക്കൽ<br>വിതരണ രജിസ്റ്റർ തയ്യാറാക്കൽ<br>ശാസ്ത്രീയമായ രീതിയിൽ പുസ്തക വിതരണം നടത്തൽ. | വർഷത്തി ൽ രണ്ടുതവണ | എച്ച്.എം പി.ടി.എ ലൈബ്രേറിയൻ | 2000/- സ്പോൺസർഷിപ്പ് |

## പ്രവർത്തനം 6 – വായനോത്സവം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നല്ല വായനയിലൂടെയുള്ള മാനസിക-ബൗദ്ധിക വളർച്ച കൈവരിക്കുന്നതിന് | പുസ്തക വിതരണം ചർച്ച വായനാനുഭവങ്ങൾ പങ്കുവയ്ക്കൽ | മാസത്തിൽ ഒരിക്കൽ | വിദ്യാരംഗം കലാസാഹിത്യവേദി മറ്റ് ഭാഷാക്ലബ്ബുകൾ | |

## പ്രവർത്തനം 7 – നാടകക്കളരി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേയ്ക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ, ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കരണം | രണ്ടുമാസത്തിൽ ഒന്നുവീതം | ആർട്സ് ക്ലബ്ബ് | |

## പ്രവർത്തനം 8 – അഭിമുഖങ്ങൾ/സെമിനാറുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ, സാഹിത്യനായകന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | പി.ടി.എ | 10000/- പി.ടി.എ |

# പ്രവർത്തനം 9 - കുട്ടികളുടെ ആകാശവാണി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവതരണമികവ് കൈവരിക്കൽ | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്നും എല്ലാ ക്ലാസ്സിലും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേയ്ക്ക് ഒഴിവു സമയത്ത് റേഡിയോ പ്രക്ഷേപണം, കുട്ടികളുടെ വിവിധ പരിപാടികളുടെ അവതരണം, ഔദ്യോഗിക അറിയിപ്പുകൾ നൽകൽ | എല്ലാ ദിവസവും ഒഴിവുസമയങ്ങളിൽ | എസ്.ആർ.ജി. | 25000/- ഒ.എസ്.എ സ്പോൺസർഷിപ്പ് |

# പ്രവർത്തനം 10 - ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജിയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി വിവിധ ക്ലബ്ബുകൾ | |

# ഭാഷ – ഇംഗ്ലീഷ്

## പ്രവർത്തനം 1 – ഇംഗ്ലീഷ് അസംബ്ലി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ രണ്ടുദിവസം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അധ്യാപകർ ഇംഗ്ലീഷ് സന്ദേശം നൽകകുക. ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ. | ആഴ്ചയിൽ രണ്ടു ദിവസം | ക്ലാസ്സ് ടീച്ചർ ഇംഗ്ലീഷ് ക്ലബ്ബ് | |

## പ്രവർത്തനം 2 – ഇംഗ്ലീഷ് ഡയറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക. | എല്ലാ ദിവസവും | ഇംഗ്ലീഷ് അധ്യാപിക | |

## പ്രവർത്തനം 3 - ഇംഗ്ലീഷ് തിയേറ്റർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠ പുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേയ്ക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് അദ്ധ്യാപകർ ഇംഗ്ലീഷ് ക്ലബ്ബ് | 2000/- പി.ടി.എ |

## പ്രവർത്തനം 4 - ഇംഗ്ലീഷ് ബുള്ളറ്റിൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗ്ഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ചുള്ള ബുള്ളറ്റിൻ തയ്യാറാക്കൽ. ദിനാചരണങ്ങളുമായി ബന്ധപ്പെട്ടും ബുള്ളറ്റിനുകൾ തയ്യാറാക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് അദ്ധ്യാപകർ | 2000/- |

## പ്രവർത്തനം 5 - ഇംഗ്ലീഷ് ഫെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേയ്ക്ക് എത്തിക്കൽ | മധ്യവേനൽ അവധിക്കാലത്ത് 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ്. എല്ലാ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ. | 5 ദിവസം അവധിക്കാലം | പി.ടി.എ എച്ച്.എം ഇംഗ്ലീഷ് അദ്ധ്യാപകർ | 10000/- ഒ.എസ്.എ സ്പോൺസർഷിപ്പ് |

## പ്രവർത്തനം 6 - വിവർത്തനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണത്തിലും സാഹിത്യത്തിലും ആശയവിനിമയ ശേഷിയിലും നൈപുണി നേടൽ | ലളിതമായ മലയാള സാഹിത്യ കൃതികൾ ആശയം ചോർന്നു പോകാതെ ഇംഗ്ലീഷിലേയ്ക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കൽ. മലയാള പ്രസംഗങ്ങൾ ഇംഗ്ലീഷിലേയ്ക്ക് തർജ്ജമ ചെയ്ത് സംസാരിക്കൽ | വർഷത്തിൽ രണ്ടു തവണ | ഇംഗ്ലീഷ് അദ്ധ്യാപകർ | 5000/- സ്പോൺസർഷിപ്പ് |

## പ്രവർത്തനം 7 – പദപ്രശ്ന നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടി കൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

## പ്രവർത്തനം 8 – ഇംഗ്ലീഷ് കോർണർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ, കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

## പ്രവർത്തനം 9 – ഗ്രാമർ സ്കൂൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവു നേടാൻ | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ | പ്രതിവർഷം 10 ക്ലാസ്സ് | എച്ച്.എം ഇംഗ്ലീഷ് അദ്ധ്യാപകർ പി.ടി.എ | 5000/ ഒ.എസ്.എ |

## പ്രവർത്തനം 10 – ലാംഗ്വേജ് ലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാ ശേഷി വികസനം | ശബ്ദം റെക്കോർഡ് ചെയ്യാനും കേൾക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നു.<br>ഉച്ചാരണ വ്യക്തത വരുത്തുന്നു.<br>നല്ല സംഭാഷണങ്ങൾ കേൾക്കുന്നതിനുള്ള അവസരം ഒരുക്കുന്നു. | ആഴ്ചയിൽ ഒരിക്കൽ | ഇംഗ്ലീഷ് അദ്ധ്യാപകർ | |

# ഭാഷ – ഹിന്ദി

## പ്രവർത്തനം 1 – അക്ഷരക്കളരി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവരെ പരിഗണിക്കുന്നതിന് | അക്ഷരക്കാർഡുകൾ നിർമ്മാണം, ചിത്രങ്ങൾ, വാക്കുകൾ എന്നിവയെഴുതിയ കാർഡുകൾ, പദനിർമ്മാണം, വാക്യ നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ജൂൺ, ജൂലായ് മാസങ്ങളിൽ | ഹിന്ദി അദ്ധ്യാപകർ | |

## പ്രവർത്തനം 2 – നാടകക്കളരി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാശേഷി വികസനം | പാഠ പുസ്തകത്തിലെ ഭാഗങ്ങളെ നാട കങ്ങളായും സ്കിറ്റുകളായും അവതരിപ്പിക്കാനുള്ള അവസരം ഒരുക്കുന്നു. നാടക ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒന്ന് | എച്ച്.എം ഹിന്ദിക്ലബ്ബ് പി.ടി.എ | 5000/- എ.എസ്.എ |

## പ്രവർത്തനം 3 - സർഗ്ഗാത്മക ശില്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദി ക്യാമ്പ് - കഥാവായന, കഥാ രചന, സ്ക്രിപ്റ്റ് എഴുത്ത്, എഡിറ്റിങ്ങ്, ലഘുലേഖകൾ തയ്യാറാക്കൽ, അഭിമുഖങ്ങൾ etc... | വർഷത്തിൽ ഒന്ന് | എച്ച്.എം<br>ഹിന്ദി അധ്യാപകർ<br>ഹിന്ദിക്ലബ്ബ്<br>പി.ടി.എ, എ.എസ്.എ | 5000/- |

## പ്രവർത്തനം 4 - കലോത്സവം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി സാഹിത്യത്തെ കുറിച്ച് അറിയാനും അനുഭവിക്കാനും | കലോത്സവ മാനുവലിൽ മറ്റു ഭാഷകൾക്കായി ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങളുടെ അവതരണം.<br>പദ്യോച്ചാരണം, നാടകം, കഥാപ്രസംഗം, ക്വിസ്, etc. | വർഷത്തിൽ ഒന്ന് | ഹിന്ദി വിഭാഗവും മറ്റെല്ലാ വിഭാഗവും സഹകരിച്ച് | 10000/- |

S.N.H... Irinjalakuda

# ശാസ്ത്രപഠനം

## പ്രവർത്തനം 1 – ശാസ്ത്രലാബ് നവീകരിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ ഇനം തിരിച്ച് ക്രമീകരിക്കൽ, കാറ്റലോഗ് തയ്യാറാക്കൽ, ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | |

## പ്രവർത്തനം 2 – ശാസ്ത്രപോഷണപരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി, ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജനനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ, സംവാദങ്ങൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കൽ | പ്രതിമാസ പരിപാടി | സയൻസ് ക്ലബ്ബ് | 10000/- എസ്എസ്.ജി |

## പ്രവർത്തനം 3 - പ്രതിഭാ പോഷണ പരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ദ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ | ഒഴിവുദിനങ്ങളിൽ പ്രത്യേക പരിശീലനക്ലാസ്സുകൾ സംഘടിപ്പിക്കൽ.<br>വിദഗ്ദ്ധരുടെ പ്രഭാഷണങ്ങൾ കേൾക്കാനുള്ള അവസരങ്ങൾ ഒരുക്കൽ<br>സെമിനാറുകൾ സംഘടിപ്പിക്കൽ | അവധി ദിനങ്ങൾ | എസ്.ആർ.ജി<br>എസ്.എസ്.ജി | 5000/-<br>എസ്.എസ്.ജി |

## പ്രവർത്തനം 4 - ശാസ്ത്രയാത്രകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കൽ | പ്രാദേശികമായി ലഭ്യമായിട്ടുള്ള കേന്ദ്രങ്ങളുടെ സന്ദർശനം- പാഠാനുബന്ധം പ്രവർത്തനമായി.<br>ജില്ലയിലെ മികച്ച ശാസ്ത്രപഠന കേന്ദ്രങ്ങൾ, മ്യൂസിയങ്ങൾ, ലാബുകൾ, എന്നിവ സന്ദർശിക്കുന്നു<br>കുസാറ്റിലെ ശാസ്ത്രസമൂഹകേന്ദ്രം, ശാസ്ത്രപ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ എന്നിവ സന്ദർശിക്കുന്നു | പ്രതിവർഷം മൂന്നോ നാലോ യാത്രകൾ | സയൻസ് അദ്ധ്യാപകർ, സയൻസ് ക്ലബ്ബ്, പി.ടി.എ | 10000/-<br>ഒ.എസ്.എ |

S.N. Higher Secondary School * Irinjalakuda *

## പ്രവർത്തനം 5 - മേളകൾ, പ്രദർശനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല മേളകൾ, പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കൽ ദിനാചരണവുമായി ബന്ധപ്പെട്ട പ്രദർശനങ്ങൾ സംഘടിപ്പിക്കൽ കൂടുതൽ മെച്ചപ്പെട്ടവ കണ്ടെത്തി ഉപജില്ല, ജില്ലാ തലങ്ങളിലെ പങ്കാളിത്തം ഉറപ്പിക്കൽ | ടേമിൽ ഒന്ന് | സയൻസ് ക്ലബ്ബ് | 10000/- പി.ടി.എ |

## പ്രവർത്തനം 6 - ശില്പശാലകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രായോഗികതലത്തിൽ എത്തിക്കുന്നതിന്- നൈപുണീവികാസം | പരീക്ഷണ ശിലിപശാലകൾ പഠനോപകരണ ശില്പശാലകൾ ഇലക്ട്രിക്കൽ വയറിങ്, ഇലക്ട്രോണിക് സർക്കീട്ടുകൾ, പ്ലംബിങ് തുടങ്ങിയവയിൽ പരിശീലനം | ടേമിൽ ഒന്ന് | എച്ച്.എം സയൻസ് അദ്ധ്യാപകർ സയൻസ് ക്ലബ്ബ് | 10000/- പി.ടി.എ എ.എസ്.എ |

## പ്രവർത്തനം 7 – ശാസ്ത്രമാജിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | ശാസ്ത്ര തത്വങ്ങൾ എളുപ്പം മനസ്സിലാക്കുവാൻ ഉപകരിക്കുന്ന രസകരമായ ലഘുപരീക്ഷണങ്ങൾ, കുട്ടികൾ അവതരിപ്പിക്കുന്നു. അവയുടെ പ്രവർത്തനക്രമം ബുക്കിൽ രേഖപ്പെടുത്തുന്നു | മാസത്തിൽ ഒന്നുവീതം | എസ്.ആർ.ജി | 10000/- പി.ടി.എ ഒ.എസ്.എ |

## പ്രവർത്തനം 8 – ആഹാരവും ആരോഗ്യവും

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കേരളീയ പ്രാചീന നാടൻ ഭക്ഷണരീതിയെ പറ്റി അറിയൽ, അനുഭവിക്കൽ, ആധുനിക ഭക്ഷണരീതിയുടെ ദോഷവശങ്ങൾ മനസ്സിലാക്കൽ | മുതിർന്നവരുമായുള്ള അഭിമുഖം നാടൻ വിഭവങ്ങൾ മുതിർന്നവരുടെ നിർദ്ദേശപ്രകാരം തയ്യാറാക്കുന്നു. നാടൻ ഭക്ഷണത്തിന്റെ ഗുണങ്ങൾ ചർച്ച ചചെയ്യുന്നു. ആധുനിക ഭക്ഷണരീതിയുടെ ദോഷവശങ്ങൾ മനസ്സിലാക്കുന്നു. | സെപ്തംബർ മാസത്തിൽ ഒന്ന് | എസ്.ആർ.ജി പി.ടി.എ ഹെൽത്ത് ക്ലബ്ബ് | 2000/- |

S N Higher Sec

## പ്രവർത്തനം 9 - എന്റെ മരം - നമ്മുടേയും

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ ക്യാമ്പസ്സിലെ ജൈവ വൈവിധ്യം അറിയുന്നതിന് | ഗ്രൂപ്പായി തിരിഞ്ഞ് സ്കൂൾ ക്യാമ്പസ്സിലുള്ള സസ്യജാലങ്ങൾ തിരിച്ചറിയുന്നു.<br>അറിവുള്ളവരുമായി ചർച്ച ചെയ്ത് അവയെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിക്കുന്നു.<br>സ്കൂളിലെ ജൈവവൈവിധ്യ റജിസ്റ്റർ തയ്യാറാക്കുന്നു | ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിലായി | എക്കോ ക്ലബ്ബ്, പി.ടി.എ | |

# സാമൂഹ്യശാസ്ത്രപഠനം

## പ്രവർത്തനം 1 - സാമൂഹ്യശാസ്ത്രലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യശാസ്ത്ര ക്ലബ് | 5000 - പി.ടി.എ |

## പ്രവർത്തനം 2 - ചരിത്രാന്വേഷണ യാത്രകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യ വസ്തുതകൾ ഗ്രഹിക്കുന്നതിന് | പ്രാദേശികമായ സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേയ്ക്ക് നടത്തുന്ന പഠന യാത്രകൾ | ടേമിൽ ഒന്നു വീതം | എസ്.ആർ.ജി സാമൂഹ്യശാസ്ത്ര ക്ലബ് | 3000/ - സ്പോൺസർഷിപ്പ് |

## പ്രവർത്തനം 3 – ഡിബേറ്റ് ക്ലബ്ബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക | സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്ര വിഷയങ്ങളെക്കുറിച്ച് സംവാദം, സെമിനാർ, ഡിബേറ്റ്, പാനൽ ചർച്ച, പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്നു വീതം | എസ്.ആർ.ജി | |

## പ്രവർത്തനം 4 – മോക്ക് പാർലമെന്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ. ഇതിന്റെ നേതൃത്വത്തിൽ ഇടവേളകളിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | 5 എണ്ണം കാലവർഷസമ്മേളനം തുലാവർഷസമ്മേളനം ഓണക്കാലസമ്മേളനം ക്രിസ്മസ് സമ്മേളനം വേനൽക്കാലസമ്മേളനം | എസ്.ആർ.ജി സ്കൂൾ പാർലമെന്റ് | |

## പ്രവർത്തനം 5 – സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേയ്ക്ക് പ്രവേശിക്കൽ | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസ്സുകൾ, ഇയർബുക്കുകൾ എന്നിവ ക്രമീകരിച്ച് സാമൂഹ്യശാസ്ത്ര വായന കോർണർ ഒരുക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 5000/- സ്പോൺസർഷിപ്പ് |

## പ്രവർത്തനം 6 – ബുള്ളറ്റിൻ ബോർഡ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഇടത്ത് ബുള്ള റ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തെയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 1000/- പി.ടി.എ. |

S.N. Higher Secondary School * Irinjalakuda * Pin - 680125

# പ്രവർത്തനം 7 - ലോകസഞ്ചാരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലോകരാജ്യങ്ങളെ പരിചയപ്പെടൽ | ലോകഭൂപടത്തിന്റെ വലിയ ചിത്രം എല്ലാവർക്കും കാണുവാൻ കഴിയുന്ന രീതിയിൽ ഭിത്തിയിൽ വലുതായി ചിത്രീകരിക്കുന്നു. ദിവസവും ദിനപത്രങ്ങൾ പരിശോധിച്ച് ഓരോ രാജ്യവുമായി ബന്ധപ്പെട്ടുവരുന്ന വാർത്തകൾ അതാത് രാജ്യങ്ങളിൽ ഒട്ടിക്കുന്നു. മാസാവസാനം വാർത്തകൾ മുഴുവൻ പൊളിച്ചുമാറ്റി വീണ്ടും പ്രവർത്തനം ആരംഭിക്കാം. | പ്രതിദിനം | എസ്.ആർ.ജി | |

## പ്രവർത്തനം 8 - ചരിത്ര കലണ്ടർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചരിത്രബോധം വളർത്തിയെടുക്കൽ | 12 വലിയ ചാർട്ടു പേപ്പറുകളിൽ ജനുവരി മുതൽ ഡിസംബർ വരെയുള്ള 12 മാസങ്ങൾ മുഴുവൻ തിയ്യതികളും എഴുതി കലണ്ടർ രൂപത്തിൽ തയ്യാറാക്കുന്നു. ചരിത്രവുമായി ബന്ധപ്പെട്ട് ഓരോ ദിവസവും വരുന്ന വാർത്തകൾ നിശ്ചിത തിയ്യതിക്ക് താഴെ ഒട്ടിക്കുക. ഒരു വർഷം കഴിയുമ്പോൾ ചരിത്ര കലണ്ടർ രൂപപ്പെടും. | പ്രതിദിനം | എസ്.ആർ.ജി സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | |

## പ്രവർത്തനം 9 - ആർട്ട് ഗ്യാലറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചരിത്രകാരന്മാർ ചരിത്രസംഭവങ്ങൾ ചരിത്രസ്മാരകങ്ങൾ എന്നിവ അറിയുന്നതിന് | ചരിത്രവുമായി ബന്ധപ്പെട്ട വ്യക്തികളുടെയും ചരിത്രസംഭവങ്ങളുടെയും ഫോട്ടോകൾ, ചിത്രങ്ങൾ, രൂപങ്ങൾ എന്നിവയെല്ലാം ശേഖരിച്ച് ഒരു മുറിയിൽ ക്രമീകരിക്കുന്നു | 1 വർഷം | എച്ച്.എം എസ്.ആർ.ജി എസ്.എസ്.ജി വിവിധ ക്ലബ്ബുകൾ | 10,000/- എസ്.എസ്.ജി |

S.N. Higher Secondary School * Irinjalakuda * Pin - 680125

# ഗണിതശാസ്ത്ര ബോധനം

## പ്രവർത്തനം 1 - ഓറിഗാമി ശില്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രസകരമായ ഗണിതശാസ്ത്രപഠനവും കർചലനശേഷികളുടെ വികാസവും | ജാപ്പനീസ് കലയായ ഓറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു, അവയുടെ ഗണിത സവിശേഷതകൾ പട്ടിക പ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി ടി.എസ്.എ | |

## പ്രവർത്തനം 2 - ഗണിതലാബ് സജ്ജീകരിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരുമുറിയിൽ ഗണിതലാബ് സജ്ജമാക്കൽ, ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തിൽ | ആവശ്യാനുസരണം | എസ്.ആർ.ജി ഗണിത ക്ലബ്ബ് | |

# പ്രവർത്തനം 3 - ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളിലൂടെ പഠനം എന്ന ആശയം പ്രാവർത്തികമാക്കുന്നതിന് | ഗണിതാശയങ്ങൾ കളികളുടെ രൂപത്തി ൽ അവതരിപ്പിക്കുന്നു. എല്ലാ കുട്ടികളെയും കളിയിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുന്നു. കളികളുടെ അവസാനം ചില ചോദ്യങ്ങൾ കൊടുക്കുകയും അവയുടെ ഉത്തരങ്ങൾ കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്നു. | ആവശ്യാനുസരണം | ഗണിതാദ്ധ്യാപകർ | |

S.N. ... Irinjalakuda

## പ്രവർത്തനം 4 - ഗണിത ശേഖരങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതവുമായി ബന്ധപ്പെട്ട ഒരു ശേഖരണ പുസ്തകം തയ്യാറാക്കുന്നതിന് | ഗണിതവുമായി ബന്ധപ്പെട്ട കളികൾ, കഥകൾ, പാട്ടുകൾ, പസിലുകൾ, പാറ്റേണുകൾ, ചിത്രങ്ങൾ, ശാസ്ത്രജ്ഞരെ പറ്റിയുള്ള വിവരങ്ങൾ എന്നിവ ശേഖരിച്ച് ശേഖരണ പുസ്തകം തയ്യാറാക്കുന്നു | ഒരു വർഷം | ഗണിതാദ്ധ്യാപകർ ഗണിത ക്ലബ്ബ് എസ്.ആർ.ജി | |

## പ്രവർത്തനം 5 - പഠനോപകരണ നിർമ്മാണ ശിൽപ്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യവസ്തുതകളുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ സ്വയം ഉണ്ടാക്കുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് | ഓരോ ക്ലാസ്സിലേക്കും ആവശ്യമായ പഠനോപകരുടെ ലിസ്റ്റ് തയ്യാറാക്കി. അതിനാവശ്യമായ സാമഗ്രികൾ കണ്ടെത്തി ഏകദിന ശില്പശാലകൾ നടത്തി ഉപകരണങ്ങൾ നിർമ്മിക്കുന്നു. | ഓണം, ക്രിസ്തുമസ് അവധിക്കാലം | എച്ച്.എം. ഗണിതാദ്ധ്യാപകർ ഗണിത ക്ലബ്ബ് | 5000/- |